എന്ന പരാതിയുമുണ്ട്. റവന്യൂ ഉദ്യോഗസ്ഥൻമാർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽപ്പോലും സഹായധനം നൽകിയിട്ടില്ല. മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് ഫിഷറീസ് വകുപ്പും ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള മറ്റു സ്ഥാപനങ്ങളും നൽകേണ്ട സഹായം നൽകിയിട്ടില്ല. അതുകൊണ്ട് അതിശക്തമായ രോഷം ആ രോഗത്തെ തീരദേശത്തെ ജനങ്ങളുടെ ഇടയിൽ ഉണ്ട്. അതിന് പരിഹാരം കാണാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടി സ്വീകരിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. Wording-ൽ വന്ന മാറ്റംകൊണ്ട് ശരിയായ റിപ്പോർട്ട് ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്ക് കിട്ടിയിട്ടുണ്ടോ എന്നറിയില്ല. എങ്കിലും നേരത്തെ ചോദിച്ച ചോദ്യത്തിലും വിവരം ശേഖരിച്ചുവരുന്നു എന്നാണ് മറുപടി നൽകിയിരിക്കുന്നത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പറഞ്ഞതിൽ പിശകുണ്ടായിരുന്നെങ്കിലും ഞാൻ വിവരം ശേഖരിച്ചിട്ടുണ്ട്. 2004 ഡിസംബർ മാസത്തിലെ സുനാമി ദുരന്തത്തിൽ കുളത്തൂർ, കോട്ടുകാൽ, കരിങ്കുളം, തിരുപുറം, തിരുവല്ലം എന്നീ മൽസ്യബന്ധന ഗ്രാമങ്ങളിലെ മൽസ്യത്തൊഴിലാളികളുടെ മൽസ്യബന്ധന ഉപകരണങ്ങൾക്കോ വീടുകൾക്കോ ഭാഗികമായോ പൂർണ്ണമായോ നഷ്ടം സംഭവിച്ചിട്ടില്ല. എന്നാൽ വിഴിഞ്ഞം സൗത്ത്, വിഴിഞ്ഞം നോർത്ത്, വെട്ടൂർ ഗ്രാമം, ഇടവ എന്നീ സ്ഥലങ്ങളിലാണ് അന്ന് ദുരന്തം ഉണ്ടായത്. എന്നാൽ ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, അതിനെത്തുടർന്ന് 2005 മേയ്, ജൂൺ മാസങ്ങളിലുണ്ടായ കടൽക്ഷോഭത്തിൽ കുളത്തൂർ, കോട്ടുകാൽ, കരിങ്കുളം, തിരുവല്ലം എന്നീ മൽസ്യബന്ധന ഗ്രാമങ്ങളിലെ വീടുകൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. പൂർണ്ണമായും നാശം സംഭവിച്ച വീടുകൾക്ക് 10,25,000 രൂപയുടേയും ഭാഗികമായി നാശം സംഭവിച്ച വീടുകൾക്ക് 1,82,000 രൂപയുടേയും മൽസ്യബന്ധന ഉപകരണങ്ങൾ നഷ്ടമായതിന് 11,31,500 രൂപയുടേയും നഷ്ടമുണ്ടായതായാണ് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നത്. ആകെ 23,38,500 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനാവശ്യമായ തുക തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. 3 ലക്ഷം രൂപ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക ഉടൻതന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു; അതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട സ്പീക്കർ]

(7) കുന്ദമംഗലത്ത് മോഡൽ റെസിഡൻഷ്യൽ സ്കൂൾ

ശ്രീ. യു. സി. രാമൻ: സർ, കോഴിക്കോട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂൾ ഇപ്പോൾ പ്രവർത്തിക്കുന്നത് ഈസ്റ്റ് ഹില്ലിലുള്ള പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിനുവേണ്ടി നിർമ്മിച്ച കെട്ടിടത്തിലാണ്. എം. ആർ. എസ്. -ന് സ്വന്തമായി കെട്ടിടമില്ല. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടും, അതിന് സ്ഥലം കൊടുക്കുന്നതുമായി ബന്ധപ്പെട്ടും വളരെ നാളുകളായി കേസുകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇന്നുവരെ അതിനുള്ള ഭൂമി ഡിപ്പാർട്ടുമെന്റിൽനിന്നും കിട്ടിയിട്ടില്ല. ഈ സാഹചര്യത്തിൽ എന്റെ നിയോജകമണ്ഡലത്തിലെ കുന്ദമംഗലത്തെ സെൻട്രൽ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആൻഡ് മാനേജ്മെന്റിന്റെ കീഴിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കപ്പെടാത്ത ധാരാളം സ്ഥലമുണ്ട്; ആ സ്ഥലത്തുനിന്നും 10 ഏക്കർ സ്ഥലം ഏറ്റെടുത്തുവാങ്ങി എം. ആർ. എസ്.-ന് കെട്ടിടം പണിയുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ് കൊടുത്തിരുന്നതെങ്കിലും വന്നത് വകുപ്പുമന്ത്രിക്കാണ്. എന്റെ നിയോജകമണ്ഡലത്തിൽ നൂറുകണക്കിന് പട്ടികജാതി കോളനികളും അതുപോലെ നാലു സെന്റ് കോളനികളും ആയിരക്കണക്കിന് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളും തിങ്ങിത്താമസിക്കുന്നുണ്ട്. അവരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുകൂടി ഗുണകരമാകുന്ന രൂപത്തിൽ എം. ആർ. എസ്.-ന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനായി സ്ഥലം ഏറ്റെടുക്കാനാവശ്യമായ സത്വര നടപടി ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, കോഴിക്കോട് അനുവദിച്ച മോഡൽ റെസിഡൻഷ്യൽ സ്കൂൾ, ഈ വകുപ്പ് വക ട്രെയിനിംഗ് സെന്ററിന് വേണ്ടി പണിത കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പ്രസ്തുത സ്കൂളിന് 10 ഏക്കർ സ്ഥലമാണ് ആവശ്യമുള്ളത്. കൊയിലാണ്ടി താലൂക്കിലെ ചക്കിട്ടപ്പാറ വില്ലേജിൽ സംസ്ഥാന ഗവൺമെന്റ് തന്നെ 10 ഏക്കർ ഭൂമി അതിനുവേണ്ടി അനുവദിച്ചിരുന്നു. പക്ഷേ പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുള്ളതുകൊണ്ട് ആ സ്ഥലം വകുപ്പിന് ഇതുവരെ കൈമാറാം ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട എം. എൽ. എ. ഇവിടെ സൂചിപ്പിച്ച പ്രകാരം, സെൻട്രൽ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജുമെന്റിന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് 10 ഏക്കർ ഭൂമി വിട്ടുകിട്ടണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത സ്ഥലത്ത് ഡബ്ല്യൂ. ആർ. ഡി. എം.-ന്റെ തന്നെ പ്രത്യേക പദ്ധതികൾ ഉണ്ടെന്നുള്ളതുകൊണ്ട് അത് വിട്ടുകിട്ടാനുള്ള പ്രയാസം അവർ അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും ബഹുമാനപ്പെട്ട എം. എൽ. എ. സൂചിപ്പിച്ച പ്രകാരം 10 ഏക്കർ ഭൂമി അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഉള്ള പ്രദേശത്തു നിന്ന് കിട്ടുവാനുള്ള സൗകര്യം ചെയ്തു തരുന്നപക്ഷം എം.ആർ. എസ്. സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകും.

(8) വെമ്പായം-പുല്ലമ്പാറ-പനവൂർ കുടിവെള്ള പദ്ധതി

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: എന്റെ നിയോജകമണ്ഡലത്തിൽ 1992-93-ൽ അനുമതി ലഭിക്കുകയും 1998-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്ത വെമ്പായം-പനവൂർ-പുല്ലമ്പാറ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ പൂർണ്ണമായും സ്തംഭനാവസ്ഥയിലാണ്. 1998-ൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയശേഷം കല്ലറ-പാങ്ങോട് പദ്ധതിയുമായി ഇതിനെ സംയോജിപ്പിച്ചു. രണ്ട് പദ്ധതികൾക്കും വേണ്ടിയുള്ള ട്രീറ്റ്മെന്റ് പ്ലാന്റിന്റേയും വെല്ലിന്റേയും ടാങ്കുകളുടേയും പണി പൂർത്തിയായി. ഇനി അരുവിപ്പുറത്തുനിന്നും തെങ്ങുംകോട് വരെയുള്ള പമ്പിംഗ് മെയിൻ പണി നടത്തേണ്ടതുണ്ട്. തെങ്ങുംകോടിൽ നിന്നും പനവൂർ, പുല്ലമ്പാറ, വെമ്പായം എന്നീ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജലവിതരണത്തിന് വേണ്ട അഞ്ചര കിലോമീറ്റർ ദൂരം വരുന്ന പൈപ്പ് ലൈനിന്റെ പണി നടക്കണം. ആലുംമൂടുക്കിലുള്ള 3.97 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതല ജല

LIBRARY ARCHIVES Kerala Legislative Assembly